## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3961 15.12.2014-ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി

**ചോദ്യം**

ശ്രീ. ബി. സത്യൻ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി വിശദമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.ക്ക് എത്ര തുക ധനസഹായമായി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | നിലവിൽ കെ.എസ്.ആർ.ടി.സി. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. പ്രതിമാസ വരവ് ചെലവ് അന്തരം 78 കോടി രൂപയാണ്. ഡീസൽ വാങ്ങുന്ന ഇനത്തിലുള്ള തുകയും വായ്പതിരിച്ചടവും കഴിയുമ്പോൾ പ്രതിമാസ വരുമാനത്തിൽ നിന്നും ശമ്പളവും പെൻഷനും നല്കാൻ കഴിയാത്ത സ്ഥിതിയാണ് ഉള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വായ്പയിനത്തിൽ 930 കോടി രൂപയും സബ്സിഡി / ഗ്രാന്റ് ഇനത്തിൽ 60 കോടി രൂപയും പദ്ധതി വിഹിതമായി 217.92 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | എത്ര തുകയാണ് പ്രതിമാസ ശമ്പളം, പെൻഷൻ എന്നിവയ്ക്കായി വേണ്ടത്; ഇതിനകം എവിടെനിന്നെല്ലാം വായ്പകൾ എടുത്തിട്ടുണ്ട്; ബാദ്ധ്യതകൾ എത്ര; പ്രതിമാസം എത്ര തുകയാണ് തിരിച്ചടക്കേണ്ടത്, വ്യക്തമാക്കാമോ; | (ബി) | താല്ക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ള എല്ലാ ജിവനക്കാർക്കും പ്രതിമാസം ശമ്പളം വിതരണം ചെയ്യുന്നതിന് 65.17 കോടി രൂപ ആവശ്യമാണ്. പെൻഷൻ വിതരണത്തിന് പ്രതിമാസം 40.16 കോടി രൂപ ആവശ്യമാണ്. കെ.റ്റി.ഡി.എഫ്.സി, ഹഡ്കോ, കെ.എസ്.റ്റി. തിരുവനന്തപുരം-റ്റി.133 LIC എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുണ്ട്. വായ്പതിരിച്ചടവ് ഇനത്തിൽ പ്രതിമാസം ശരാശരി 49 കോടി രൂപ ആവശ്യമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | ഹഡ്കോ — 3.23 കോടി രൂപ<br>കെ.റ്റി.ഡി.എഫ്.സി — 45.07 കോടി രൂപ<br>കെ.എസ്.റ്റി — 71000/- രൂപ<br>LIC വായ്പയ്ക്ക് വാർഷിക തവണകളായാണ് തിരിച്ചടവ് നല്കി വരുന്നത്. പ്രതിവർഷ തവണയായി 5 കോടി രൂപയും, നിലവിലുള്ള മുതലിന്റെ 13% പലിശയും തിരിച്ചടവിനായി ആവശ്യമുണ്ട്. |
| (സി) | സാമ്പത്തിക പ്രതിസന്ധി കാരണം എത്ര ഷെഡ്യൂൾ വെട്ടിക്കുറച്ചു; ആകെ എത്ര ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്; | (സി) | സാമ്പത്തിക പ്രതിസന്ധി കാരണം ഷെഡ്യൂളുകളൊന്നും വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ ബസ്സിന്റെ കുറവ് കാരണം വരുമാനക്കുറവുമുള്ള ചില ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. 01.12.2014-ലെ കണക്കനുസരിച്ച് 320 JnNURM ബസുകൾ ഉൾപ്പടെ 5923 ബസുകൾ ഉള്ളതിൽ 4907 ബസുകൾ സർവ്വീസ് നടത്തിയിട്ടുണ്ട്. |
| (ഡി) | 2010 മുതൽ 2014 വരെ പ്രതിമാസം എത്ര ബസ്സുകളാണ് പുതിയതായി നിരത്തിലിറക്കിയത്; നിലവിലുള്ള സ്ഥിരം, താൽക്കാലികം, എം-പാനൽ ജീവനക്കാരുടെ എണ്ണം എത്ര; വിശദമാക്കുമോ? | (ഡി) | 2010 മുതൽ 2014 വരെ പ്രതിമാസം നിരത്തിലിറക്കിയ ബസുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.<br>11/2014-ലെ കണക്കുപ്രകാരം 34,698 സ്ഥിരം ജീവനക്കാരും 9,608 താൽക്കാലിക എംപാനൽ ജീവനക്കാരുമുണ്ട്. |

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം

# ANNEXURE LA Q. No. 3961 (ഡി) പിരിവ്

## KSRTC BUSES

| Month | Year | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 2010 | | | 2011 | | | 2012 | | | 2013 | | | 2014 |
| | RTC | JnNURM | Total | RTC | JnNURM | Total | RTC | Jn | Total | RTC | JnNURM | Total | RTC |
| January | 49 | | 49 | 38 | 20 | 58 | 29 | 7 | 36 | | | | 1 |
| February | 28 | | 28 | 24 | 27 | 51 | 38 | 3 | 41 | 30 | 3 | 33 | 5 |
| March | 11 | 9 | 20 | 32 | 27 | 59 | 30 | 2 | 32 | 13 | 4 | 17 | 12 |
| April | 38 | 7 | 45 | 3 | 17 | 20 | 45 | 5 | 50 | 27 | | 27 | 10 |
| May | 68 | | 68 | 5 | 14 | 19 | 50 | 1 | 51 | 17 | | 17 | |
| June | 68 | 6 | 74 | 8 | 16 | 24 | 54 | | 54 | 67 | | 67 | |
| July | 95 | 11 | 106 | 8 | 5 | 13 | 94 | 3 | 97 | 41 | | 41 | |
| August | 49 | 9 | 58 | 9 | 7 | 16 | 70 | | 70 | 44 | | 44 | |
| September | 69 | 15 | 84 | | 7 | 7 | 68 | 8 | 76 | 25 | | 25 | |
| October | 54 | 24 | 78 | | 12 | 12 | 31 | 1 | 32 | 23 | | 23 | 1 |
| November | 106 | 12 | 118 | 40 | 13 | 53 | 29 | | 29 | 48 | | 48 | 7 |
| December | 64 | 7 | 71 | 46 | 3 | 49 | | | | 21 | | 21 | |
| | | | | | | | | | | | | | |
| Total | 699 | 100 | 799 | 213 | 168 | 381 | 538 | 30 | 568 | 356 | 7 | 363 | 36 |

| | |
|---|---|
| KSRTC | 1842 |
| JnNURM | 305 |
| Grant Total | 2147 |

സെക്ഷൻ ഓഫീസർ